## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.343 | 10/4/2013 - ൽ മറുപടിയ്ക്ക്

## മണ്ണ് പരിശോധന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അൻവർ സാദത്ത്<br>,, വർക്കല കഹാർ<br>,, വി. റ്റി. ബൽറാം<br>,, വി. പി. സജീന്ദ്രൻ | **ശ്രീ. കെ.പി. മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ) മണ്ണ് പരിശോധന നടത്തി കൃത്യമായ അളവിൽ വളപ്രയോഗം നടത്തുന്നതിനും മണ്ണിന്റെ ആരോഗ്യം സംരക്ഷിക്കുന്നതിനുമുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) ഉണ്ട്. മണ്ണ് പരിശോധന ലാബുകളിൽ കൃഷിഭവനുകൾ വഴി ശേഖരിക്കുന്ന മണ്ണ് സാമ്പിളുകൾ പരിശോധിച്ച് മണ്ണിന്റെ അമ്ലത്വം ടി.എസ്.എസ്. (മണ്ണിലെ ലവണാംശം), മണ്ണിൽ അടങ്ങിയിരിക്കുന്ന മൂലകങ്ങളായ നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാഷ് എന്നിവയുടെ അളവ് തിട്ടപ്പെടുത്തി അതിനനുസൃതമായി നൽകേണ്ട രാസ ജൈവവളങ്ങളുടെ ശുപാർശ കർഷകർക്ക് നൽകുന്നു.<br>സഞ്ചരിക്കുന്ന മണ്ണ് പരിശോധന ലാബുകൾ മുൻകൂട്ടി നിശ്ചയിച്ചു നൽകിയിട്ടുള്ള ദിവസങ്ങളിൽ അതാതു പഞ്ചായത്തുകളിൽ എത്തുകയും കർഷക-രുടെ മണ്ണ് സാമ്പിളുകൾ പരിശോധന നടത്തി അപ്പോൾ തന്നെ വളത്തിനുള്ള ശുപാർശയടങ്ങുന്ന പരിശോധന ഫലം നൽകുകയും ചെയ്യുന്നു.<br>കൂടാതെ സംസ്ഥാനത്തെ ആവാസ വ്യവസ്ഥകൾക്ക് അനുയോജ്യമായ മണ്ണ് |

| | | |
|---|---|---|
| | | പരിപോഷണ രീതികൾ സ്വീകരിക്കുന്നതിന് കൃഷി വകുപ്പും സംസ്ഥാന ആസൂത്രണ ബോർഡും, കാർഷിക ഗവേഷണ സ്ഥാപനങ്ങളും ചേർന്ന് "സോയിൽ ബേസ്ഡ് ന്യൂട്രിയന്റ് മാനേജ്മെന്റ് പ്ലാൻ" എന്ന പദ്ധതി 2010 -11 മുതൽ രൂപീകരിച്ച് നടപ്പിലാക്കി വരുന്നു. ഈ പദ്ധതി അനുസരിച്ച് സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളുടേയും കോർപ്പറേഷനുകളുടേയും മുനിസിപ്പാലിറ്റികളുടേയും ആനുപാതിക മണ്ണ് സാമ്പിളുകൾ ശേഖരിച്ച് ഓരോ സാമ്പിളിലും 11 മൂലകങ്ങൾ പരിശോധിച്ച് സോയിൽ ഹെൽത്ത് കാർഡ് നൽകുന്നു. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) സംസ്ഥാന വ്യാപകമായി കൃഷിയിടങ്ങളിലെ മണ്ണു സാമ്പിളുകൾ ശേഖരിച്ച് പരിശോധിച്ച് അതിലുള്ള പോഷകങ്ങളുടെ ഏറ്റക്കുറച്ചിലുകൾ മനസ്സിലാക്കി ഓരോ കാർഷിക ആവാസ വ്യവസ്ഥയ്ക്കും അനുയോജ്യമായ വളപ്രയോഗം നിർദ്ദേശിക്കുന്നതിന് ഈ പദ്ധതി വിഭാവനം ചെയ്യുന്നു. മണ്ണിൽ വളപ്രയോഗം ചെയ്യുന്നതിനും അതു വഴി ഉല്പാദനവും ഉല്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനും, കൃഷി ചെലവ് കുറയ്ക്കുന്നതിനും ഇത് സഹായകരമാകും. കൂടാതെ മണ്ണിലെ സൂക്ഷ്മ മൂലകങ്ങളുടെ പരിശോധന ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിന് കൂടുതൽ സഹായിക്കും. |

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്; | (സി) | കൃഷി വകുപ്പ്, നാഷണൽ ബ്യൂറോ ഓഫ് സോയിൽ സർവ്വേ ആന്റ് ലാന്റ് യൂസ് പ്ലാനിംഗ്, കേരള കാർഷിക സർവ്വകലാശാല, ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിൻ കീഴിലുള്ള വിവിധ ഗവേഷണ സ്ഥാപനങ്ങൾ, കേരള വന ഗവേഷണ കേന്ദ്രം, ഭാരതീയ ഏലം ഗവേഷണ കേന്ദ്രം, സുഗന്ധ വിള ബോർഡ്, ഐ.ഐ.ഐ.റ്റി.എം.കെ. തിരുവനന്തപുരം. സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്, നെഹ്റു യുവ കേന്ദ്ര എന്നീ ഏജൻസികളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | (ഡി) | വിവിധ ഏജൻസികളുടെ സഹകരണത്തോടു കൂടി സംസ്ഥാനത്ത് 320 ഗ്രാമ പഞ്ചായത്തുകളിലായി 56442 സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. ബാക്കിയുള്ള കർഷകർക്കും സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. അതുപോലെ സംസ്ഥാനത്ത് എല്ലാ പഞ്ചായത്തുകൾക്കും ബ്ലോക്കുകൾക്കും ജില്ലകൾക്കും ഉള്ള ന്യൂട്രിയന്റ് മാനേജ്മെന്റ് പ്ലാൻ ഈ പദ്ധതി അനുസരിച്ച് തയ്യാറാക്കി വരുകയാണ്. ഇതിനോടകം 225 പഞ്ചായത്തുകളുടെ ന്യൂട്രിയന്റ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ